**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3893** **09-10-2025 - ൽ മറുപടിയ്ക്ക്**

**ബസുകളുടെ പെർമിറ്റ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ ബസുകളുടെ നഗരപ്രവേശനത്തിന് അനുമതി ലഭിച്ചശേഷം പെർമിറ്റിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര ബസുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം റൂട്ടുകളിലെന്നും വിശദമാക്കാമോ; | (എ) | വൈപ്പിൻ ബസുകളുടെ നഗരപ്രവേശനത്തിന് അനുമതി ലഭിച്ചശേഷം പെർമിറ്റിനായി 47 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ റൂട്ടുകളിൽ 33 പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന റൂട്ടുകളിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.<br>. നോർത്ത് പറവൂർ - വൈറ്റില ഹബ്ബ് (KSRTC)<br>. നോർത്ത് പറവൂർ - കാക്കനാട് (KSRTC)<br>. കടുങ്ങശ്ശേരി-കാക്കനാട് അണിയിൽ ബീച്ച്<br>. എടവനക്കാട്-വൈറ്റില ഹബ്ബ്.<br>. അണിയിൽ ജംഗ്ഷൻ-വൈറ്റില ഹബ്ബ്.<br>. പനങ്ങാട് - മഞ്ഞനക്കാട്. |
| (ബി) | പെർമിറ്റ് അനുവദിച്ച എത്ര ബസുകൾക്ക് ടൈം ഷെഡ്യൂൾ ലഭ്യമായിട്ടുണ്ടെന്നും മറ്റ് ബസുകൾക്ക് ടൈം ഷെഡ്യൂൾ നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | 22 ബസുകൾക്ക് ടൈം ഷെഡ്യൂൾ ലഭ്യമായിട്ടുണ്ട്.<br>സമയക്രമം ചെയ്യുന്നതിനെതിരെ ശക്തമായ ഒബ്ജക്ഷനുകൾ ഉള്ളതുകൊണ്ടും, BS VI പ്രകാരമുള്ള സ്റ്റേജ് ക്യാരിയേജ് വാഹനം ഹാജരാകാത്ത കേസുകൾ ഉള്ളതുകൊണ്ടും, സമയക്രമം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതുള്ളതുകൊണ്ടുമാണ് കാലതാമസം നേരിടുന്നത്. |
| (സി) | പെർമിറ്റ് അനുവദിച്ചിട്ടും ടൈം ഷെഡ്യൂൾ ലഭ്യമാകാത്തതിനാൽ ബസുടമകൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ടൈം ഷെഡ്യൂൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ഇത് എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. 10/09/2025-ലെ ആർ.ടി.എ. മീറ്റിംഗിൽ സമയക്രമം പുനർനിശ്ചയിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. ആയതിൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ടൈമിംഗ് കോൺഫറൻസ് നടത്തി പെർമിറ്റ് അനുവദിച്ച നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ